(സി) യു.ജി.സി.-യുടെ ധനസഹായം കോളേജുകൾക്ക് നേരിട്ടാണ് നൽകി വരുന്നത്. ഇക്കഴിഞ്ഞ രണ്ടു പഞ്ചവൽസര പദ്ധതികളിൽ യു.ജി.സി. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ സർക്കാർ, എയിഡഡ് കോളേജുകളിൽ നിന്ന് ശേഖരിച്ചുവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

68 [2287] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ഡിഗ്രി-ഡിപ്ലോമ വിദ്യാർത്ഥികളിൽനിന്നും കാമ്പസ് സെലക്ഷൻ നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരം മെച്ചമല്ലെന്ന ആക്ഷേപം നിലവിലുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതിക്കും രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തുടങ്ങിയ നിലവാരം പുലർത്തുന്ന പ്രമുഖ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലാണ് പ്രധാനമായും കാമ്പസ് സെലക്ഷൻ നടക്കുന്നത്. വിപ്രോ, ടാറ്റാ, ഇൻഫോസിസ്, അശോക് ലൈലാന്റ് തുടങ്ങിയ എഞ്ചിനീയറിംഗ് ഐ.റ്റി. മേഖലകളിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ ക്യാമ്പസ് സെലക്ഷനുവേണ്ടി ഇത്തരം കോളേജുകളെ സമീപിക്കാറുണ്ട്.

(ബി) ചില എഞ്ചിനീയറിംഗ് കോളേജുകളിലെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രൂപം നൽകിയിട്ടുണ്ട്.

(ഡി) ലോക ബാങ്കിന്റെ സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതിനുവേണ്ടി സംസ്ഥാന പ്രോജക്ട് ഫെസിലിറ്റേഷൻ യൂണിറ്റ് സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. ദേശീയനയങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ള സാങ്കേതിക വിദ്യ ഉറപ്പാക്കി ലോകനിലവാരമുള്ള എഞ്ചിനീയറിംഗ് പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി വ്യവസായം ബിസിനസ് സർവ്വീസ് മേഖലകൾക്ക് ആവശ്യമായ പിന്തുണ നൽകി രാജ്യത്തെ ഒരു സാമ്പത്തിക ഊർജ്ജഭവനമാക്കുക എന്നതാണ് കാഴ്ചപ്പാട്. കൂടാതെ ആഗോള തലത്തിൽ സാങ്കേതിക വ്യവസായിക രംഗങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കും തൊഴിൽ സാദ്ധ്യതകൾക്കും അനുസൃതമായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലെ സിലബസ് പരിഷ്കരിക്കുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന വിദ്യാഭ്യാസ വിചക്ഷണൻമാരുടേയും വ്യാവസായിക പ്രമുഖരുടേയും യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. യോഗതീരുമാനമനുസരിച്ച് ഒരു കർമ്മപരിപാടി തയ്യാറാക്കി വരുന്നു.

(ഇ) സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് എ.എസ്., എസ്.എസ്. അംഗീകാരം ലഭിക്കാൻ നടപടി

69 [2289] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന് ഹയർ എഡ്യൂക്കേഷൻ വകുപ്പിൽ നിന്നും എ.എസ്.-ഉം, എസ്.എസ്.-ഉം ലഭിക്കുകയുണ്ടായോ; പ്രസ്തുത കോളേജിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുവാൻ തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജിന് പ്രധാന കെട്ടിടം ഇല്ലായെന്ന ഒരു കാരണത്താൽ എ.ഐ.സി.ടി.-യുടെ അംഗീകാരം 2004-ലെ കൗൺസിലിംഗ് ലിസ്റ്റിൽനിന്നും ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ പ്രധാന കെട്ടിടത്തിനുള്ള എ.എസ്.-ന്റെയും, എസ്.എസ്.-ന്റെയും അംഗീകാരം അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly